# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 569** **2013 മാർച്ച് 19-ാം തീയതി മറുപടി നല്കേണ്ടത്**


ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. കെ.എം. മാണി
ധനകാര്യ മന്ത്രി


| ചോദ്യം | മറുപടി |
| --- | --- |
| (എ).ഇറിഗേഷൻ, പി.ഡബ്ള്യു.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ? | ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 91.17 കോടി രൂപയുടെയും ജലവിഭവവകുപ്പിൽ 39.61 കോടി രൂപയുടെയും ബില്ലുകൾ കൊടുത്തു തീർക്കുവാനുണ്ട്. പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ കുടിശ്ശികയില്ല. |
| (ബി) 31.03.2011 ൽ ഈ കുടിശ്ശിക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ? | പൊതുമരാമത്ത് (നിരത്തുകളുംപാലങ്ങളും) വകുപ്പിൽ 110.23 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 56.20 കോടി രൂപയുംകൊടുത്തു തീർക്കുവാനുണ്ടായിരുന്നു. ജലവിഭവ വകുപ്പിൽ കുടിശ്ശികയില്ലായിരുന്നു. |

| | |
|---|---|
| (സി) 01.03.2013 ൽ കുടിശ്ശിക എത്രയാണ് ? | 01.03.2013-ൽ പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ 91.59 കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 45.22 കോടി രൂപയും ജലവിഭവവകുപ്പിൽ 39.61 കോടി രൂപയും കുടിശ്ശികയുണ്ടായിരുന്നു. |
| ഡി) ഈ കുടിശ്ശികകൾ കൊടുത്തു തീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ | ജലവിഭവവകുപ്പിലെ 01.10.2012 മുതൽ 31.10.2012 വരെയുളള കുടിശ്ശിക ഉടനെ കൊടുത്തു തീർക്കുന്നതാണ്. ബാക്കി കുടിശ്ശികയും വൈകാതെ തീർക്കുന്നതാണ്. പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ കുടിശ്ശിക തീർക്കുന്നതിന് ധന പുന:ക്രമീകരണ നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Reji John

**അക്കൗണ്ട്സ് ഓഫീസർ**